**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **18-09-2025 - ൽ മറുപടിയ്ക്ക്**

**വിത്തുണ്ട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾക്ക് വനത്തിൽ തന്നെ ഭക്ഷണമൊരുക്കുന്ന വനം വകുപ്പിന്റെ വിത്തുണ്ട പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കുന്നതിനായി വനം വകുപ്പ് രൂപകല്പന ചെയ്ത് നടപ്പിലാക്കി വരുന്ന മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായിട്ടാണ് നടപ്പ് വർഷം കാലവർഷത്തോട് അനുബന്ധിച്ച് “വിത്തൂട്ട് പരിപാടി നടപ്പിലാക്കിയത്. തദ്ദേശീയ ഫലവൃക്ഷങ്ങളുടേയും മുള, പുല്ല് മുതലായ വന്യമൃഗങ്ങളുടെ പ്രധാന തീറ്റയായിട്ടുള്ള തദ്ദേശസസ്യങ്ങളുടേയും വിത്തുകളും മണ്ണും ചേർത്ത് മഴക്കാലത്തിന് മുമ്പ് തയ്യാറാക്കിയ “വിത്തുണ്ടകൾ” വനത്തിനുള്ളിൽ വിതറി മുളപ്പിക്കുകയാണ് പദ്ധതിയുടെലക്ഷ്യം. സ്വാഭാവിക വിത്ത് വിതരണത്തേക്കാൾ കൂടുതൽ സ്ഥലത്തേക്ക് തദ്ദേശീയ ഫലവൃക്ഷങ്ങളും തീറ്റസസ്യങ്ങളും മുളപ്പിക്കാൻ ഇതുകൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം അഞ്ച് ലക്ഷത്തിലധികം വിത്തുണ്ടകൾ തയ്യാറാക്കി വിതറുവാൻ ഈ പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്. |
| (ബി) | വിത്തുണ്ട പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | “വിത്തൂട്ട്"പരിപാടി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, കലാസാംസ്കാരിക മേഖലയിലെ പ്രമുഖർ, യുവജന സംഘടനകൾ, വിവിധ സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയവരെ ക്ഷണിക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടേയും പ്രാദേശിക മാധ്യമങ്ങളിലൂടെയും പ്രചരണം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലൂടെ വിത്ത് ശേഖരിക്കുന്നതിലും അവ ഉപയോഗിച്ച് വിത്തുണ്ടകൾ തയ്യാറാക്കുന്നതിലും വനമേഖലയിൽ വിതരണം ചെയ്യുന്നതിലും പൊതുജന പങ്കാളിത്തം ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജനവാസ മേഖലയിലെ കൈതയുടെ മണം പിടിച്ച് നാട്ടിലെത്തുന്ന കാട്ടാനകളെ തടയുന്നതിന് വനം വകുപ്പ് വനാതിർത്തികളിലെ കൈതകൃഷി നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | വനത്തിന് പുറത്ത് ജനവാസമേഖലകളിലെ കൈതച്ചക്കകൃഷി നിയന്ത്രിക്കുന്നതിന് വനം വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ വിദഗ്ധരും വനയോരമേഖലയിലെ പരമ്പരാഗത കൃഷിക്കാരും വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ നിരുത്സാഹപ്പെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ